**KERALA POLICE INFORMATION CENTRE**

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.443/PR/PIC/PHQ/15 Date :13.07.2015

## അറുപത്തിനാലാമത് ആൾ ഇന്ത്യ പോലീസ് അത്‌ലറ്റിക് മീറ്റ് തിരുവനന്തപുരത്ത്

അറുപത്തിനാലാമത് ആൾ ഇന്ത്യ പോലീസ് അത്‌ലറ്റിക് മീറ്റ് സെപ്റ്റംബർ 7 മുതൽ തിരുവനന്തപുരത്ത് നടക്കും. ഇത് നാലാം തവണയാണ് ആൾ ഇന്ത്യാ പോലീസ് മീറ്റിന് കേരള പോലീസ് അതിഥ്യം വഹിക്കുന്നത്. ഇതിനു മുൻപ് 2010 – ലാണ് കേരള പോലീസ് ഈ അത്‌ലറ്റിക് മീറ്റിന് ആതിഥ്യമരുളിയത്. 2015 സെപ്റ്റംബർ 7,8,9,10,11 തീയതികളിൽ നടക്കുന്ന മീറ്റിന് തിരുവനന്തപുരത്തുള്ള ചന്ദ്രശേഖരൻ നായർ സ്റ്റേഡിയമാണ് വേദി. ഇപ്പോൾ കേരള പോലീസ് പുതിയ കായിക താരങ്ങളെ റിക്രൂട്ട് ചെയ്തതിനു ശേഷമുള്ള ആദ്യത്തെ ആൾ ഇന്ത്യ പോലീസ് അത്‌ലറ്റിക് മീറ്റെന്ന സവിശേഷതയും ഈ മീറ്റിനുണ്ട്.

ബിഎസ്എഫ്, സിആർപിഎഫ്, സിഐഎസ്എഫ്, തുടങ്ങിയ കേന്ദ്ര റിസർവ് സേനകളും പഞ്ചാബ് പോലീസ്, ഹരിയാന പോലീസ്, കേരള പോലീസ് തുടങ്ങിയ ശക്തമായ സ്റ്റേറ്റ് ടീമുകളും കൂടാതെ മറ്റു സംസ്ഥാന പോലീസ് ടീമുകളും ടീം ഉദ്യോഗസ്ഥരും ഉൾപ്പെടെ ഏകദേശം 1300 കായിക താരങ്ങൾ പങ്കെടുക്കും. ഈ മത്സരങ്ങളിൽ നിന്നാണ് അഖിലേന്ത്യാ ഓപ്പൺ അത്‌ലറ്റിക് മീറ്റിലേക്കുള്ള ഇന്ത്യൻ പോലീസ് ടീമിനെ തെരഞ്ഞെടുക്കുന്നത്. കഴിഞ്ഞ വർഷം സിആർപിഎഫ് ആയിരുന്നു പുരുഷ-വനിതാ ചാമ്പ്യൻമാർ. ഏഷ്യൻ ഗെയിംസിലും ഒളിംപിക്സിലും, കോമൺവെൽത്ത് ഗെയിംസിലും വേൾഡ് പോലീസ് ഗെയിംസിലും പങ്കെടുത്ത നിരവധി കായിക താരങ്ങൾ ഈ മീറ്റിൽ പങ്കെടുക്കുന്നുണ്ട്. മീറ്റിന്റെ വിജയകരമായ നടത്തിപ്പിന് എഡിജിപി അരുൺ കുമാർ സിൻഹ ചെയർമാനായും ഐജി മനോജ് എബ്രഹാം വൈസ് ചെയർമാനായും കമ്മീഷണർ എച്ച്. വെങ്കിടേഷ് ഓർഗനൈസിങ് സെക്രട്ടറിയായും വിപുലമായ ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.

**********